**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **27-01-2026 - ൽ മറുപടിയ്ക്ക്**

**വിഷൻ 2031**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ സമഗ്രമായി വിലയിരുത്തി ഭാവി വികസന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസവും, പൊതുജനാരോഗ്യവും സാർവ്വത്രികമാക്കുകയും ഭൂപരിഷ്കരണ നടപടികളിലൂടെ സ്വന്തമായി ഭൂമി ഇല്ലാത്തവർ ഭൂമിയുടെ അവകാശികളാവുകയും ചെയ്തതോടെയാണ് 'കേരള മോഡൽ' എന്ന വികസന മാതൃക നാം സൃഷ്ടിച്ചത്.<br><br>അധികാര വികേന്ദ്രീകരണം ലക്ഷ്യമിട്ട് നടപ്പാക്കിയ ജനകീയാസൂത്രണത്തിലൂടെ പ്രാദേശികതലത്തിലുള്ള വികസനം സാദ്ധ്യമാക്കാൻ കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണത്തിലും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലും രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞത് വികസനവും ക്ഷേമവും ഉറപ്പു വരുത്തിയുള്ള നടപടികളിലൂടെയാണ്.<br><br>സുസ്ഥിര വികസന ലക്ഷ്യങ്ങളായ സാമൂഹ്യക്ഷേമം, ആരോഗ്യ സേവനങ്ങൾ, ഉന്നനിലവാരമുള്ള വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, സംരംഭകത്വം, വ്യവസായം, നൂതന വികസനം എന്നിവയിൽ ശ്രദ്ധേയമായ പുരോഗതിയും നേട്ടങ്ങളും നാം കൈവരിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി നാല് വർഷവും കേരളം ഒന്നാമതാണ്. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു.<br><br>കേരളം ഇതിനകം കൈവരിച്ച വളർച്ച സമഗ്രമായി വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്. പാവപ്പെട്ടവർക്കായുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | രാജ്യത്തെ പൊതുനയങ്ങളിൽ നിന്നും ഭിന്നമായി നാം സ്വീകരിച്ച ജനപക്ഷ ഭരണ നയങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ജീവിത നിലവാരമുള്ള നാടാക്കി കേരളത്തെ വളർത്തി. നാം കൈവരിച്ച നേട്ടങ്ങൾ സ്വാംശീകരിച്ച് നവകേരളം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച് കേരളം മുന്നേറുകയാണ്.<br><br>വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. നവകേരള കർമ്മപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നവകേരള സദസ്സ് സംഘടിപ്പിക്കുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വികസന സദസ്സ് സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനം രൂപീകൃതമായി 75 വർഷം പൂർത്തിയാകുന്ന വേളയിൽ കഴിഞ്ഞകാലങ്ങളിൽ കൈവരിച്ച വളർച്ച വിലയിരുത്തി ഭാവി വികസനലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, കേരളത്തെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 'വിഷൻ 2031' എന്ന പേരിൽ വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടത്തി.<br><br>നവകേരള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുവാനുമായി ജനകീയ പഠന സംവിധാനത്തിന് രൂപം നല്കി. ഇതിനായി നവകേരളം- സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്ന പഠനപരിപാടി ഇപ്പോൾ നടന്നു വരികയാണ്.<br><br>ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുവാനും ക്ഷേമ പദ്ധതികൾ സംബന്ധിച്ച അഭിപ്രായം ആരായുവാനും, പ്രാദേശിക വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്താനുമാണ് പഠന പരിപാടി. വികസനക്ഷേമ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് നവകേരളത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | കേരളം 2031-ൽ എങ്ങനെയാകണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിനുമായി വിഷൻ 2031 എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 2031-ൽ 75 വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ കഴിഞ്ഞ ദശകങ്ങളിലെ വളർച്ചയെ വിലയിരുത്തുന്നതിനും 2031-ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കർമ്മപദ്ധതികളുടെ രൂപരേഖ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുമായി വിഷൻ 2031 എന്ന പരിപാടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി, 2025 ഒക്ടോബർ/നവംബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം വിവിധ മേഖലകളിൽ കൈവരിക്കേണ്ട വികസനത്തെ സംബന്ധിച്ച് 33 മേഖലാതല സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ജില്ലകളിൽ നടന്ന പ്രസ്തുത സെമിനാറുകളിൽ നിന്നും ലഭ്യമായ ഉൾക്കാഴ്ചകൾ, നിർദ്ദേശങ്ങൾ, ആശയങ്ങൾ എന്നിവ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ *'Vision 2031 International Conference on Development and Democracy'* എന്ന പേരിൽ അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കാൻ സർക്കാർ സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത കോൺഫറൻസിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, അക്കാദമിക് പ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, ഗവേഷണ വിദ്യാർത്ഥികൾ, വിദേശത്തുനിന്നടക്കമുള്ള വിഷയവിദഗ്ധർ എന്നിവർ പങ്കെടുക്കുന്നതാണ്. |
| (സി) | 2031-ൽ വിവിധ മേഖലകളിൽ കൈവരിക്കേണ്ട വികസന-ശാക്തീകരണ പദ്ധതികൾ, നൂതന സമീപനങ്ങൾ എന്നിവയെക്കുറിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും വിശദമായ കർമപദ്ധതി തയ്യാറാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2031-ൽ വിവിധ മേഖലകളിൽ കൈവരിക്കേണ്ട വികസന-ശാക്തീകരണ പദ്ധതികൾ, നൂതന സമീപനങ്ങൾ എന്നിവ സംബന്ധിച്ച് ജില്ലകളിൽ നടന്ന സെമിനാറുകളിൽ നിന്നും ലഭ്യമായ ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനം കൈവരിച്ച വികസനം വിലയിരുത്താനും കേരളത്തിന്റെ ഭാവി എങ്ങനെയാകണമെന്ന് രൂപകല്പന ചെയ്യുവാനുമാണ് വിഷൻ 2031 ലക്ഷ്യമിടുന്നത്. 2031 -ൽ വിവിധ മേഖലകളിൽ കൈവരിക്കേണ്ട വികസന-ലക്ഷ്യങ്ങൾ, നൂതന സമീപനങ്ങൾ എന്നിവയെക്കുറിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും വിശദമായ കർമ്മപദ്ധതി തയ്യാറാക്കുവാനും ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) | കഴിഞ്ഞ പത്തു വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ ഒരു വിലയിരുത്തലായും നവകേരള സദസ്സിന്റെ തുടർച്ചയായും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിച്ച ഭാവി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. നവകേരള കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനങ്ങളുമായി സംവദിക്കുന്നതിനും അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനുമായി മന്ത്രിസഭ ഒന്നടങ്കം പങ്കെടുത്തുകൊണ്ട് 140 നിയമസഭാ മണ്ഡലങ്ങളിലും നവകേരള സദസ്സ് സംഘടിപ്പിക്കുകയും ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി മേഖലാ അവലോകന യോഗങ്ങൾ നടത്തുകയും ചെയ്തു. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വികസന സദസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വിഷൻ 2031 ന്റെ ഭാഗമായി പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിക്കുന്നതിനായി 33 മേഖലാതല സെമിനാറുകൾ സംഘടിപ്പിച്ചു. പൊതുജനങ്ങളുടെ പരാതികൾക്ക് മറുപടിയും പരിഹാരവും ഉറപ്പാക്കുന്നതിനും, അടിയന്തര ഘട്ടങ്ങളിൽ കൃത്യമായ വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി എന്നോടൊപ്പം (CM with Me) എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുവാനും ക്ഷേമ പദ്ധതികൾ സംബന്ധിച്ച അഭിപ്രായം ആരായുവാനും, പ്രാദേശികമായി വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്തുവാനും അഭിപ്രായം സമാഹരിക്കുവാനുമായി നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. ഉത്തരവ് **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠനപരിപാടി - സംസ്ഥാനത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.13/2025/I&PRD തിരുവനന്തപുരം, തീയതി10-10-2025

<u>ഉത്തരവ്</u>

ജീവിത നിലവാരസൂചികയിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. സംസ്ഥാന രൂപീകരണത്തിനുശേഷം ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഭൂനിയമങ്ങളിൽ അടിസ്ഥാനമാറ്റം വരുത്തിക്കൊണ്ടും, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് അടിത്തറ പാകിയുമാണ് ഭരണനടപടികൾ ആരംഭിച്ചത്. രാജ്യത്തെ പൊതുനയങ്ങളിൽ നിന്നും ഭിന്നമായി സ്വീകരിച്ച ജനപക്ഷ ഭരണനയങ്ങൾ, ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ജീവിതനിലവാരമുള്ള നാടാക്കി കേരളത്തെ വളർത്തി. ഈ വികസനരീതി **'കേരള മോഡൽ'** എന്ന പേരിൽ ലോകശ്രദ്ധ നേടി. ഇതിനകം നാം കൈവരിച്ച നേട്ടങ്ങൾ സ്വാംശീകരിച്ച് നവകേരളം എന്ന കാഴ്ചപ്പാട് മുന്നോട്ടുവെച്ച് കേരളം മുന്നേറുകയാണ്. ഇതിൽ നിന്നും ഒരു പടി കൂടെ കടന്ന് വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്.

2) നവകേരള കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനങ്ങളുമായി സംവദിക്കുന്നതിനും അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനുമായി മന്ത്രിസഭ ഒന്നടങ്കം പങ്കെടുത്തു കൊണ്ട് 140 നിയമസഭാ മണ്ഡലങ്ങളിലും **നവകേരള സദസ്സ്** സംഘടിപ്പിക്കുകയും ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി മേഖല അവലോകന യോഗങ്ങൾ നടത്തുകയും ചെയ്തു. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ **വികസന സദസ്സുകൾ** സംഘടിപ്പിച്ചു വരികയാണ്.

3) സംസ്ഥാനം രൂപീകൃതമായിട്ട് 2031-ൽ 75 വർഷം പൂർത്തിയാകുന്നതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞകാല വളർച്ച വിലയിരുത്തിക്കൊണ്ട് ഭാവിക്കു വേണ്ടിയുള്ള വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് 33 വിഷയങ്ങളിൽ സംസ്ഥാനത്തുടനീളം സെമിനാറുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് **'വിഷൻ 2031'** എന്ന പേരിൽ ഈ പരിപാടി സംഘടിപ്പിക്കുന്നത്.

4) ജനങ്ങളിൽ നിന്ന് ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് അവരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് **'സിഎം വിത്ത് മീ' (മുഖ്യമന്ത്രി എന്നോടൊപ്പം)** എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5) നവകേരള നിർമ്മിതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എല്ലാ മേഖലകളിലും നടന്നുവരികയാണ്. വികസന-ക്ഷേമ പദ്ധതികൾ ജനങ്ങളുടെ ജീവിതനിലവാരത്തിൽ വളർച്ചയും, മുന്നേറ്റവും ഉണ്ടാക്കിയിട്ടുണ്ട്. ഇതിനകം നടപ്പിലാക്കിയ പദ്ധതികളുടെ അനുഭവങ്ങളെ വിലയിരുത്തേണ്ടത് നവകേരള നിർമ്മിതിയുടെ ലക്ഷ്യം നേടുന്നതിന് അത്യന്താപേക്ഷിതമാണ്.

6) നവകേരള നിർമ്മാണത്തിന്റെ ഇതുവരെയുള്ള അനുഭവങ്ങൾ നമ്മുടെ ആവശ്യകതയുമായി തുലനം ചെയ്ത് വിലയിരുത്തപ്പെടേണ്ടതുണ്ട്. വികസന ക്ഷേമപദ്ധതികൾ നാടിനുണ്ടാക്കിയ വളർച്ചയും ജനങ്ങൾക്ക് അനുഭവവേദ്യമായ നേട്ടങ്ങളും വിലയിരുത്തുന്നതോടൊപ്പം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ, വികസന-ക്ഷേമ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, നവകേരള പദ്ധതിയിലെ ജനപങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ വിപുലമായ പഠനം നടത്തി നവകേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയണം.

7) നവകേരള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുവാനും, ജനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുവാനും കഴിയും വിധമുള്ള പഠന പരിപാടിക്ക് രൂപം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നിലയിൽ ജനകീയ പഠന സംവിധാനം സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം എന്ന പേരിൽ നവകേരള വികസന-ക്ഷേമ പഠന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

8) ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുവാനും ക്ഷേമ പദ്ധതികൾ സംബന്ധിച്ച അഭിപ്രായം ആരായുവാനും, പ്രാദേശികമായി വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്തുവാനും അഭിപ്രായം സമാഹരിക്കുവാനുമായി നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠന പരിപാടി സംഘടിപ്പിക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. 2026 ജനുവരി 1 മുതൽ 2026 ഫെബ്രുവരി 28 വരെ സാമൂഹിക സന്നദ്ധസേന അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് പരിപാടി നടപ്പിലാക്കുന്നത്.

- പദ്ധതിയുടെ നടത്തിപ്പിന് 4 അംഗ സംസ്ഥാനതല ഉപദേശക സമിതിയും 9 അംഗ

  സംസ്ഥാനതല നിർവഹണ സമിതിയും രൂപീകരിച്ച് ഉത്തരവാകുന്നു. സംസ്ഥാനതല നിർവഹണ സമതിയുടെ ഘടനയിൽ ആവശ്യമായ മാറ്റം വരുത്തുവാനുള്ള അധികാരം ചീഫ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
- തദ്ദേശസ്ഥാപനതലത്തിലും (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ), അസംബ്ലി

തലത്തിലും, ജില്ലാ തലത്തിലും ഉചിതമായ ഉദ്യോഗസ്ഥരെയും വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് സമിതികൾ രൂപീകരിക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

- നവകേരളം : വികസന-ക്ഷേമ പഠനം കൃത്യമായി പുരോഗമിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല സംസ്ഥാന തലത്തിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും ജില്ലാ തലത്തിൽ അതത് കളക്ടർമാർക്കും തദ്ദേശസ്ഥാപന തലത്തിൽ അതത് സെക്രട്ടറിമാർക്കും ആയിരിക്കും.
- അനുബന്ധം പ്രകാരമുള്ള സമയക്രമം പാലിച്ച് സംസ്ഥാന സമിതിക്ക് സമർപ്പിക്കുന്ന ക്രോഡീകരിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ പ്രത്യേക സംവിധാനം ഡയറക്ടർ ഒരുക്കേണ്ടതാണ്.
- നവകേരളം : വികസന-ക്ഷേമ പഠന പരിപാടിയുടെ ഭാഗമായി പരിശീലന പരിപാടികൾ, മൊബൈൽ ആപ്ലിക്കേഷൻ, പരസ്യ പ്രചാരണം, റിപ്പോർട്ട് തയ്യാറാക്കൽ, പ്രിന്റിങ്, വിവിധ പ്രചരണ പ്രവർത്തനങ്ങൾ എന്നിവ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നിർവഹിക്കേണ്ടതാണ്.
- പരിപാടിയുടെ പ്രാധാന്യം കണക്കിലെടുത്ത്, ഓരോ ആവശ്യത്തിനും നിലവിലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുക ചെലവഴിക്കേണ്ടതും തുകയുടെ കൃത്യമായ കണക്കുകൾ അതത് ഭരണ വകുപ്പ് പ്രത്യേകം സൂക്ഷിക്കേണ്ടതുമാണ്. സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി കമ്മിറ്റി അംഗങ്ങൾക്ക് ടിഎ/ഡിഎ അനുവദിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
- നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠനപരിപാടിയുടെ ചെലവുകൾ നടപ്പ് സാമ്പത്തിക വർഷം (2025-26) തന്നെ ക്രമീകരിക്കേണ്ടതാണ്.

നവകേരളം: വികസന-ക്ഷേമ പഠന പരിപാടിയുടെ നിർവ്വഹണ സംവിധാനം താഴെപ്പറയും പ്രകാരമായിരിക്കും.

**I. സംസ്ഥാനതല ഉപദേശക സമിതി :**

1. ഡോ. എ. ജയതിലക് IAS , ചീഫ് സെക്രട്ടറി
2. ഡോ. കെ.എം. എബ്രഹാം IAS (Rtd) മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി, (മുൻ ചീഫ് സെക്രട്ടറി).
3. ശ്രീ കെ. ജയകുമാർ IAS (Rtd) ഡയറക്ടർ, ഐ.എം.ജി, (മുൻ ചീഫ് സെക്രട്ടറി).
4. ഡോ. സജി ഗോപിനാഥ്, പ്രൊഫസർ, IIM കോഴിക്കോട്, (മുൻ വൈസ് ചാൻസിലർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി).

**II. സംസ്ഥാനതല നിർവ്വഹണ സമിതി :**

1. സ്പെഷ്യൽ സെക്രട്ടറി, I&PRD (ചെയർപേഴ്സൺ)

2. സ്പെഷ്യൽ സെക്രട്ടറി-1, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സ്പെഷ്യൽ സെക്രട്ടറി, ഐ.ടി വകുപ്പ്
4. ഡയറക്ടർ, ഐ & പി.ആർ.ഡി (കൺവീനർ)
5. ഡോ. ജോയ് ഇളമൺ, മെമ്പർ, KSDMA
6. പ്രൊഫ. ഒലീന എ.ജി, ഡയറക്ടർ, സംസ്ഥാന സാക്ഷരതാമിഷൻ
7. ശ്രീ. ഗൗതമൻ. എം, KAS
8. ശ്രീമതി സുകന്യ കെ യു , റിസർച്ച് അസോസിയേറ്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
9. ശ്രീ. ടി. പി. സുധാകരൻ, അസിസ്റ്റന്റ് കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി

**III. ജില്ലാതല നിർവ്വഹണ സമിതി :**

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിദഗ്ധ അംഗങ്ങൾ ഉൾപ്പെടെ സർക്കാർ നിയോഗിക്കുന്ന 7 അംഗ സമിതി.

**IV അസംബ്ലി നിയോജക മണ്ഡലതല സമിതി** :

ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വിദഗ്ധ അംഗങ്ങൾ ഉൾപ്പെടെ സർക്കാർ നിയോഗിക്കുന്ന 7 അംഗ സമിതി.

**V. തദ്ദേശ സ്ഥാപനതല സമിതി:**

സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 3 അംഗ സമിതിയും, മുനിസിപ്പൽ തലത്തിൽ 5 അംഗ സമിതിയും കോർപ്പറേഷൻ തലത്തിൽ 8 അംഗ സമിതിയും.

ഓരോ തദ്ദേശ സ്ഥാപനത്തിലേയും വാർഡ് അടിസ്ഥാനത്തിലായിരിക്കും പഠന പരിപാടി നടത്തുക. ഓരോ വാർഡിലും 4 അംഗ സന്നദ്ധ പ്രവർത്തകരെ ഇതിനായി നിയോഗിക്കും. 2 അംഗ സ്ക്വാഡുകളായാണ് പഠനപ്രവർത്തനം പൂർത്തിയാക്കുക.

സംസ്ഥാന സാമൂഹ്യ സന്നദ്ധസേനയിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നുമാണ് സന്നദ്ധ പ്രവർത്തകരെ കണ്ടെത്തേണ്ടത്. സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, നിയമസഭാമണ്ഡലതലത്തിലും, പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് താൽക്കാലിക ഓഫീസുകൾ തയ്യാറാക്കേണ്ട ചുമതല അതത് സമിതികൾക്കായിരിക്കും. സമിതികൾ ആവശ്യപ്പെടുന്ന പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ ഇതിന് ആവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്.

9) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പായിരിക്കും പരിപാടിയുടെ നോഡൽ വകുപ്പ്. പരിപാടിയുടെ നടത്തിപ്പിനായി 2220-01-001-96 സ്പെഷ്യൽ പി ആർ ക്യാമ്പെയിൻ എന്ന ശീർഷകത്തിൽ നിന്നും 20 കോടി രൂപ വിനിയോഗിക്കുന്നതിന് വകുപ്പിന് അനുമതി നല്കുന്നു.

10) വികസന ക്ഷേമ പരിപാടികളുടെ കൂടുതൽ വിശദാംശങ്ങളും ചുമതലകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ കാർത്തികേയൻ എസ്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ ഗ്രാന്റ് ഇൻ എയിഡ്/ സ്വയംഭരണ സ്ഥാപന മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എല്ലാ സർവ്വകലാശാലക രജിസ്ട്രാർമാർക്കും
പൊതുഭരണ(എസ്.സി) വകുപ്പ് (..........................................)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ & ഇ, ആഡിറ്റ്), കേരള തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
വകുപ്പ് ഡയറക്ടറുടെ സി എ യ്ക്ക്

<u>അനുബന്ധം - I</u>

1. കേരളം ഇതിനോടകം കൈവരിച്ച നേട്ടങ്ങളിൽ നിന്നും ഒരു പടികൂടി കടന്ന് വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ ഉയർത്തുവാനാണ് ലക്ഷ്യമിടുന്നത്.

2. എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ, ഓരോ കുടുംബത്തിനും വീട്, ജീവിത വരുമാനത്തിനായി തൊഴിൽ, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, വികസന നേട്ടങ്ങളുടെ ഗുണഫലം എല്ലാ വിഭാഗത്തിനും ലഭ്യമാക്കുക, വിനോദത്തിനും കായികവളർച്ചയ്ക്കും മറ്റു ജീവിത മുന്നേറ്റത്തിനും സംവിധാനമൊരുക്കൽ എന്നിവയാണ് നവകേരളത്തിന്റെ ലക്ഷ്യം.

3. ഇക്കാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയ ഭരണനടപടികളിലൂടെ സാധിച്ചിട്ടുണ്ട്. നവകേരള നിർമ്മിതി ലക്ഷ്യം വച്ച് കൊണ്ട് 2016 മുതൽ വിവിധ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

4. അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം 2025 നവംബർ ഒന്നോടു കൂടി രാജ്യത്ത് ആദ്യമായി കേരളം കൈവരിക്കുകയാണ്. 5 ലക്ഷത്തിലേറെ വീടുകൾ, അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വമ്പിച്ച മുന്നേറ്റങ്ങൾ, സാമൂഹ്യക്ഷേമപദ്ധതികളിൽ കാര്യക്ഷമമായ ഇടപെടൽ, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലെ അതിനൂതന സംവിധാനങ്ങൾ, വിജ്ഞാന സമ്പദ്ഘടന എന്ന കാഴ്ചപ്പാട്, കാർഷിക-വ്യവസായ മേഖലയിലെ മുന്നേറ്റം തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റത്തക്ക രീതിയിലുള്ള നടപടികളാണ് ഇപ്പോൾ പൂർത്തിയായി വരുന്നത്.

**നവകേരളം - വികസന ക്ഷേമ പഠന പരിപാടി :**

5. ലോക ചരിത്രത്തിൽ ആദ്യമായി, ഒരു സർക്കാർ ജനങ്ങളിലേക്കെത്തി, അവരുടെ അഭിപ്രായങ്ങൾ കേട്ടും, വികസന ചർച്ചകളിൽ പങ്കെടുപ്പിച്ചും, നയരൂപീകരണത്തിന്റെ അവിഭാജ്യ

ഘടകമാക്കുന്ന ബൃഹത് പരിപാടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

6. നവകേരള നിർമ്മിതിയുടെ ഭാഗമായി, എല്ലാ കുടുംബങ്ങളിൽ നിന്നും വികസന-ക്ഷേമ പദ്ധതികളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും തേടുവാനും, ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനും ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്തതാണ് ഈ പഠന പരിപാടി. ഓരോ പ്രദേശത്തും പദ്ധതികളുടെ ഗുണഫലം എത്തിക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജനങ്ങളിൽ നിന്നും ശേഖരിക്കുകയും സമയബന്ധിതമായി മുഴുവൻ കുടുംബങ്ങളിലും പദ്ധതികളുടെ ഗുണഫലം എത്തിക്കുന്നതിനുമുള്ള കർമ്മപദ്ധതിയ്ക്ക് രൂപം കൊടുക്കുകയും ചെയ്യും.

7. തൊഴിൽശാലകൾ, കൃഷിയിടങ്ങൾ, വീടുകൾ, ഫ്ളാറ്റുകൾ, ഉന്നതികൾ, വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഗ്രാമീണ തൊഴിലുറപ്പ് മേഖലകൾ, പൊതുഇടങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ എന്നു തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലയിലും സന്നദ്ധസേനാംഗങ്ങൾ സന്ദർശിച്ച് അഭിപ്രായങ്ങൾ ശേഖരിക്കും. സന്നദ്ധസേനാംഗങ്ങൾ പ്രതിഫലേച്ഛ ഇല്ലാതെയാകും പഠന പ്രവർത്തനങ്ങൾ ചെയ്യുക. ഇതിൽ പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് Appreciation Certificate നൽകുന്നതാണ്.

**നവകേരളം : വികസന-ക്ഷേമ പഠന പരിപാടിയുടെ ലക്ഷ്യങ്ങൾ :**

1. നവകേരള ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ആശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജനങ്ങളിൽ നിന്ന് സമാഹരിക്കുക.
2. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന-ക്ഷേമ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അഭിപ്രായങ്ങൾ പഠിക്കുക.
3. വികസന ക്ഷേമ പരിപാടികൾ എല്ലാ പ്രദേശങ്ങളിലും ആവശ്യകതക്കനുസരിച്ച് ലഭ്യമായോ എന്ന കാര്യത്തിൽ അഭിപ്രായം തേടുക.
4. പുതിയ തൊഴിലവസരങ്ങൾ/ വികസന പദ്ധതികൾ എന്നിവയിൽ ജനകീയ അഭിപ്രായം രൂപീകരിക്കുക.

**അനുബന്ധം - II**

**ചുമതലകൾ**

**സന്നദ്ധസേനാംഗങ്ങൾ**

സന്നദ്ധസേനാംഗങ്ങൾ ഓരോ വാർഡിലെയും വീടുകൾ, ഫ്ളാറ്റുകൾ, ഉന്നതികൾ, മറ്റ് വാസസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രം, വ്യാപാര കേന്ദ്രങ്ങൾ, തൊഴിൽ ശാലകൾ, കുടുംബശ്രീ-തൊഴിലുറപ്പ് - ബസ് സ്റ്റാന്റ്, ഓട്ടോ/ടാക്സി സ്റ്റാന്റ്, വായനശാലകൾ - ക്ലബുകൾ- മറ്റ് കൂട്ടായ്മകൾ എന്നിവിടങ്ങൾ സന്ദർശിക്കുകയും നവകേരള വികസന പദ്ധതികൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ മനസ്സിലാക്കുകയും പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും.

ഓരോ പ്രദേശത്തെയും വികസന ആവശ്യങ്ങൾ, നടപ്പിലാക്കിയ പദ്ധതികളുടെ പോരായ്മകൾ, ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, മറ്റു സർക്കാർ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുടങ്ങിയവ ശേഖരിച്ച് പഠന റിപ്പോർട്ടിന്റെ ഭാഗമാക്കണം.

ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനുള്ള നിർദ്ദേശങ്ങൾ, സാമുദായിക സൗഹാർദ്ദം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും അഭിപ്രായങ്ങൾ, വിജ്ഞാന സമ്പദ്ഘടനയുടെ വ്യാപനം, ശാസ്ത്ര-സാങ്കേതിക വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ശാസ്ത്ര-സാങ്കേതിക വിദ്യയിലെ നേട്ടങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തി കാർഷിക-വ്യവസായ വളർച്ചയ്ക്കുള്ള നിർദ്ദേശങ്ങൾ, ഉന്നതവിദ്യാഭ്യാസ വിപുലീകരണം സംബന്ധിച്ച കാര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതും അത് സംരക്ഷിക്കാനുമുള്ള നിർദ്ദേശങ്ങൾ, കലാ-കായിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ, യാത്രാക്ലേശം, പൊതുശൗചാലയങ്ങൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഓട്ടോ/ടാക്സി സ്റ്റാന്റുകൾ, വയോജന

സംരക്ഷണ സംവിധാനങ്ങൾ, ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ, അവയുടെ കാര്യക്ഷമത, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ, കുടുംബശ്രീ പ്രവർത്തനം, തൊഴിലുറപ്പ് മേഖലയിലെ പ്രശ്നങ്ങൾ തുടങ്ങി സാമൂഹ്യ ജീവിതത്തിലെ വ്യത്യസ്ത പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കൽ.

ഓരോ ദിവസവും വാർഡിലെ സന്നദ്ധസേനാംഗങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കണം. നവകേരള സന്ദേശം ഓരോ വീടുകളിലും പൊതു കേന്ദ്രങ്ങളിലും കൃത്യമായി എത്തിക്കുന്നതിനും അവരുടെ അഭിപ്രായങ്ങൾ പഠിക്കുന്നതിനും അത് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**പഞ്ചായത്ത് /മുനിസിപ്പൽ/കോർപ്പറേഷൻ സമിതി**

ഓരോ വാർഡിലും നിയോഗിക്കപ്പെട്ട സന്നദ്ധ പ്രവർത്തകർ നിശ്ചിത പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പവരുത്തുക. സന്നദ്ധ പ്രവർത്തകരുടെ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുകയും നിശ്ചിതസമയത്തിനകം പഠനപ്രവർത്തനം പൂർത്തികരിക്കാൻ ഇടപെടുകയും ചെയ്യുക.

വാർഡിൽ നിയോഗിച്ച സന്നദ്ധ പ്രവർത്തകർ പ്രതിദിനം നടത്തുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പരിശോധിച്ച്, പോരായ്മകൾ ഉണ്ടെങ്കിൽ ഇടപെട്ട് പഠന പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

വീടുകളും ഫ്ളാറ്റുകളും ഉന്നതികളും മറ്റ് വാസസ്ഥലങ്ങളും സന്ദർശിക്കുമ്പോൾ അവിടെ ആളില്ലാത്ത സ്ഥിതിവരുന്നുവെങ്കിൽ അവരെ സംബന്ധിച്ച വിവരശേഖരണം മറ്റൊരു ദിവസം നടത്തുന്നുണ്ടെന്ന് ഉറപ്പവരുത്തണം.

ഓരോ വാർഡിലും ഉൾപ്പെട്ട വീടുകളുടെയും കുടുംബങ്ങളുടെയും വിശദവിവരങ്ങൾ ശേഖരിച്ച് ഓരോ വാർഡിലെയും സന്നദ്ധപ്രവർത്തകർക്ക് എത്തിച്ചുകൊടുക്കാനുള്ള ചുമതല നിർവഹിക്കണം.

വീടുകൾ സന്ദർശിക്കുന്നതിനു പുറമെ പൊതുഇടങ്ങളിൽ സന്നദ്ധപ്രവർത്തകർ ബന്ധപ്പെടുന്നുണ്ടെന്നും, വിവിധ വിഭാഗങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിനും പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനും അവർക്ക് കഴിയുന്നുണ്ടെന്നും ഉറപ്പുവരുത്തുക.

പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സമിതിയിലെ അംഗങ്ങൾക്ക് വാർഡുകളുടെ ചുമതല നിശ്ചയിക്കണം.

**അസംബ്ലി മണ്ഡലം സമിതികൾ**

ഓരോ മണ്ഡലത്തിലെയും പരിധിയിൽവരുന്ന ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ/ കോർപ്പറേഷൻ സമിതിയിലെ അംഗങ്ങളുടെ യോഗം ചേരുകയും ഓരോ വാർഡിലും നടന്ന പ്രവർത്തനങ്ങൾ പരിശോധിക്കുകയും അവലോകനം ചെയ്യുകയും പോരായ്മകൾ വരുന്ന ഇടങ്ങളിൽ ഇടപെട്ട്

പ്രവർത്തനം ശക്തിപ്പെടുത്തുകയും വേണം. ഓരോ വാർഡിലെയും മൊത്തം വീടുകളടെയും ഫ്ളാറ്റുകളുടെയും ഉന്നതികളുടെയും മറ്റ് വാസസ്ഥലങ്ങളുടെയും അതിൽ താമസിക്കുന്ന കുടുംബാംഗങ്ങളുടെയും പട്ടിക ശേഖരിക്കുകയും, ഓരോ വാർഡിലെയും കുടുംബങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കി എല്ലാ വീടുകളിലും സന്ദർശിച്ചു എന്ന് ഉറപ്പവരുത്തുകയും വേണം. സമിതി അംഗങ്ങൾക്ക് സംസ്ഥാനസമിതി നല്കുന്ന പരിശീലനം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തി കാര്യക്ഷമമായ സന്നദ്ധപ്രവർത്തകരെ വിന്യസിക്കുകയും പ്രവർത്തിപ്പിക്കാനുമുള്ള ചുമതല നിർവഹിക്കുകയും ചെയ്യണം.

വാർഡിലെ സന്നദ്ധ പ്രവർത്തകരിൽ നിന്നും പഞ്ചായത്ത് സമിതികളിൽ നിന്നും കിട്ടുന്ന പഠന റിപ്പോർട്ടുകളും അഭിപ്രായങ്ങളും മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ജില്ലാസമിതികൾക്ക് കൈമാറുക.

സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പ്രാപ്തരായവരെ പഞ്ചായത്തുസമിതികളിലേക്കും വാർഡുകളിലേക്കും നിയോഗിക്കുക. നിയോഗിക്കപ്പെടുന്നവർക്ക് സംസ്ഥാനസമിതി സംഘടിപ്പിക്കുന്ന പരിശീലനം നൽകി സന്നദ്ധപ്രവർത്തകരെ വിന്യസിക്കുകയും പ്രവർത്തിപ്പിക്കാനുമുള്ള ചുമതലയും നിർവ്വഹിക്കുക. മണ്ഡലം സമിതിയ്ക്കും പഞ്ചായത്ത് സമിതിയ്ക്കും ഓഫീസ് കണ്ടെത്തി അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

**ജില്ലാസമിതി**

ജില്ലയിലെ പഠന പ്രവർത്തനത്തിന്റെ മുഖ്യചുമതല ജില്ലാസമിതിയാണ് നിർവഹിക്കേണ്ടത്. ഓരോ വാർഡിലെയും വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ശേഖരിച്ച് മണ്ഡലം സമിതിക്കും പഞ്ചായത്ത് സമിതികൾക്കും കൈമാറി വാർഡുകളിൽ അവ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

വാർഡിലെ സന്നദ്ധപ്രവർത്തകരും, പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ മണ്ഡലതല പ്രവർത്തകരും കൃത്യമായി ചുമതല നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തുക. എല്ലാ തലങ്ങളിലും ഹാജർ പട്ടിക ഉൾപ്പെടെ കൃത്യമായി പരിപാലിക്കുന്നുണ്ടെന്നും ഉറപ്പവരുത്തണം.

പഠനപ്രവർത്തനത്തിന്റെ ഭാഗമായി സന്നദ്ധപ്രവർത്തകരുടെയും ഓഫീസുകളുടെയും ചെലവുകൾ നിർവഹിക്കാനാവശ്യമായ ഉത്തരവാദിത്തം നിർവ്വഹിക്കുക. ജില്ലാ ഭരണകൂടവുമായി പഠന പ്രവർത്തനത്തെ സഹകരിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുക.

വാർഡ്/പഞ്ചായത്ത്/മണ്ഡലം തലത്തിലുള്ള റിപ്പോർട്ടുകൾ ശേഖരിച്ച് ജില്ലാതല റിപ്പോർട്ടാക്കി ക്രോഡീകരിച്ച് സംസ്ഥാന തലസമിതിക്ക് നിശ്ചിതസമയത്തിനകം സമർപ്പിക്കുക. സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുള്ള ക്രമീകരണം ഒരുക്കുക. തദ്ദേശഭരണ തലത്തിൽ സന്നദ്ധ പ്രവർത്തകർക്ക് പരിശീലന സൗകര്യം ഏർപ്പെടുത്തുക. പഞ്ചായത്ത് തലത്തിലുള്ള പരിശീലനത്തിന് ആവശ്യമായ പരിശീലകരെ ജില്ലാതലത്തിൽ ട്രെയിനിംഗ് നൽകി നിയോഗിക്കുക.

**സംസ്ഥാനതല നിർവ്വഹണ സമിതി**

പഠന പ്രവർത്തനത്തിന് സംസ്ഥാനത്താകെ നേതൃത്വം നൽകേണ്ടത് സംസ്ഥാനതല നിർവ്വഹണ സമിതിയാണ്.

പദ്ധതിയുടെ ഔദ്യോഗിക അനുമതി നേടിയെടുക്കുക, ആവശ്യമായ ഫണ്ട് അതത് ഘട്ടങ്ങളിൽ വാർഡ്തല സമിതികൾ വരെ ലഭ്യമാക്കുക, സംസ്ഥാന ഭരണ സംവിധാനവുമായി പഠന പ്രവർത്തനത്തെ ഏകോപിപ്പിക്കുക, സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

പഠനപ്രവർത്തനത്തിനാവശ്യമായ പരിശീലന രേഖകൾ, മറ്റു അനുബന്ധരേഖകൾ എന്നിവ തയ്യാറാക്കുന്നതിനോടൊപ്പം വീട്ടുകളുടെയും കുടുംബാംഗങ്ങളുടെയും പട്ടികയും നവകേരള പദ്ധതിയുടെ വിശദവിവരങ്ങളും ജില്ലാ, മണ്ഡലം സമിതികൾക്ക് കൈമാറുക. പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ചിട്ടയോടെ സംസ്ഥാനത്താകെ പഠന പ്രവർത്തനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതി വിജയിപ്പിക്കുക.

2026 മാർച്ച് മാസം 31-ാം തീയതിയോടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

സെക്ഷൻ ഓഫീസർ